**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4456 25/06/2019-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പുരുഷൻ കടലുണ്ടി**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ.ഐ.ബി.സതീഷ്** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാ വിദ്യാർത്ഥികളിലും സമൂഹവുമായി ചേർന്നു നിന്നുകൊണ്ട് ആശയങ്ങളും പൊതുധാരണകളും രൂപപ്പെടുത്തുന്നതിനും അഭിരുചിയും സർഗ്ഗാത്മകതയും നിരൂപണപാടവവും വർദ്ധിപ്പിക്കുന്നതിനും സഹായകമായ വിധത്തിൽ എന്തെല്ലാം വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) വിദ്യാർത്ഥികളിൽ സർഗ്ഗാത്മകതയും നിരൂപണപാടവവും വർദ്ധിപ്പിക്കുന്നതിനായി വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കു സാഹിത്യ വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നു. കഥ, കവിത, അഭിനയം, ആസ്വാദനം തുടങ്ങിയ മേഖലകളിൽ അഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിന് ശില്പശാലയിലൂടെ പരിശീലനം നൽകുന്നതിന് 'സർഗോത്സവം' എന്ന പേരിൽ സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി ഇൻഡ്യയിലെ ഏറ്റവും മികച്ച സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് ഹയർ സ്റ്റഡീസ് എക്സ്പോ 'ദിശ' എന്ന പേരിൽ നടത്തി വരുന്നു. ഓരോ വർഷവും ഒരു പ്രത്യേക മേഖല തെരഞ്ഞെടുത്ത് (ഫിലിം, ഡ്രാമാ, ഡിസൈൻ) ആ മേഖലയിൽ അഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി സംസ്ഥാനതലത്തിൽ ആ മേഖലയിലെ വിദഗ്ധരെവെച്ചുകൊണ്ട് 5 ദിവസത്തെ പരിശീലനവും, ദേശീയ തലത്തിൽ ഒരു പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചുകൊണ്ട് ഒരാഴ്ചത്തെ പരിശീലനവും ഹയർ സെക്കന്ററി മേഖലയിൽ നൽകി വരുന്നു. |

(ബി) വ്യത്യസ്ത മേഖലകളിൽ പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) സംസ്ഥാനത്തെ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നും ഓരോ വർഷവും യു.എസ്.എസ് പരീക്ഷയിൽ മികച്ച വിജയം ലഭിച്ച 40 കുട്ടികളെ വീതം തെരഞ്ഞെടുത്ത് പ്രത്യേക പഠന സന്ദർഭങ്ങളൊരുക്കുന്ന വിദ്യാഭ്യാസ പ്രോജക്ടാണ് പ്രതിഭാധനരായ കുട്ടികൾക്കുള്ള പഠന പരിപോഷണ പരിപാടി.

പ്രതിഭകളായ വിദ്യാർത്ഥികൾക്ക് സ്കൂൾ പാഠ്യപദ്ധതിക്കപ്പുറം പഠന വിഷയങ്ങൾ കൂടുതൽ ഉയർന്ന തലങ്ങളിലും നൂതനമായും ബോധ്യപ്പെടുത്തുന്ന വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നടത്തി വരുന്നു. അടിസ്ഥാന ശാസ്ത്രവും സാങ്കേതിക വിദ്യയും, ഗണിതശാസ്ത്രം, സാമൂഹിക ശാസ്ത്രം, ഭാഷയും, ആശയവിനിമയവും, കലയും സംസ്കാരവും എന്നീ വിഷയ മേഖലകളായി തിരിച്ച് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. വ്യത്യസ്ത മേഖലകളിലെ പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവ് പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര-ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ ഇൻസ്പെയർ അവാർഡ് സ്കീം നടപ്പിലാക്കി വരുന്നു

(സി) കലയിൽ വൈഭവമുള്ള നിർധനരായ വിദ്യാർത്ഥികളെ ജില്ലാ, സംസ്ഥാന തലങ്ങളിൽ നടക്കുന്ന വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ധനസഹായം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഉണ്ട്. കുടുംബ വാർഷിക വരുമാനം 75,000/- രൂപയിൽ താഴെയുള്ളവരും, സബ് ജില്ലാ മത്സരത്തിൽ പങ്കെടുത്ത് ജില്ലാതല കലോത്സവത്തിൽ മത്സരിക്കുവാൻ യോഗ്യത നേടുകയും ചെയ്യുന്ന കുട്ടികൾക്ക് 'എക്സൽ ഇൻ ആർട്ട്സ്' പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി, നാടോടിനൃത്തം എന്നീ തലങ്ങളിൽ പ്രതിഭ തെളിയിക്കുന്ന വിദ്യാർത്ഥികൾക്കാണ് ടി പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്. അർഹരായ കുട്ടികളുടെ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർ തയ്യാറാക്കുകയും വിശദമായ പരിശോധനയ്ക്ക് ശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലിസ്റ്റ് അംഗീകരിച്ച്

യോഗ്യതയുള്ള ഒരു കുട്ടിക്ക് 10,000/- രൂപ വീതം അനുവദിക്കുകയും ചെയ്യുന്നു.

(ഡി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിന് ആൺ കുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും അവബോധ ക്ലാസ്സുകളും അദ്ധ്യാപകർ മുഖേന ഫലപ്രദമായ കൗൺസിലിംഗും ഏർപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ഡി) അദ്ധ്യാപകർ മുഖേന പ്രത്യേക കൗൺസിലിംഗുകൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, സ്ത്രീകൾക്കും, കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിന് ആൺകുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സാമൂഹ്യ നീതിവകുപ്പിൽ നിന്നുള്ള സ്കൂൾ കൗൺസിലർമാരെ ഉൾപ്പെടുത്തി അവബോധ ക്ലാസ്സുകളും കൗൺസിലിംഗുകളും നടത്തുന്നു.

സൗഹൃദക്ലബ് കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി അവബോധ ക്ലാസ്സുകൾ നടത്തിവരുന്നു. മക്കളെ അറിയാൻ എന്ന പേരിൽ കൗമാരക്കാരുടെ ഇഫക്ടീവ് പാരന്റിംഗുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്ക് ക്ലാസ്സുകൾ നൽകിവരുന്നു. സൗഹൃദ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും, ടി അദ്ധ്യാപകർ സ്കൂളുകളിലെ സഹ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്ക് അവബോധം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

Reena

സെക്ഷൻ ഓഫീസർ